I/152804/2024

SOCIAL JUSTICE DEPARTMENT

"ഭരണഭാഷ – മാതൃഭാഷ"

<u>സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

<u>(ഹാജർ : എച്ച്.ദിനേശൻ IAS)</u>

ഉത്തരവ് നം:SJD/524/2024-E5

തിരുവനന്തപുരം

തീയതി: 21-03-2024

---

വിഷയം :- സാ.നീ.വ –ജീവനക്കാര്യം– ലോകസഭ ഇലക്ഷൻ 2024 - ജീവനക്കാരുടെ പേര് വിവരം ഇലക്ഷൻ പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിനും, ആയത് നിരീക്ഷിക്കുന്നതിനും - നോഡൽ ഓഫീസറെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. കേരള ചീഫ് ഇലക്ടറൽ ഓഫീസറുടെ 16/03/2024 ലെ EL3/14/2022 ELEC നമ്പർ കത്ത്.

ലോകസഭ ഇലക്ഷൻ 2024 ന്റെ ഭാഗമായി ഇലക്ഷൻ കമ്മീഷൻ രൂപീകരിച്ച വെബ് പോർട്ടലിൽ ജീവനക്കാരുടെ പേര് വിവരം അപ് ലോഡ് ചെയ്യുന്നതിനുള്ള മേൽ നോട്ടം വഹിക്കുന്നതിനും, ആയത് നിരീക്ഷിച്ച് കൃത്യത ഉറപ്പു വരുത്തുന്നതിനും, പോളിംഗ് ഡ്യൂട്ടിക്ക് ജീവനക്കാരെ നിയോഗിച്ച വിവരം പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്ത് ജീവനക്കാർക്ക് നൽകുന്നതിനും, ഒരു നോഡൽ ഓഫീസറെ നിയോഗിക്കണമെന്ന നിർദ്ദേശം സൂചന പ്രകാരം ലഭിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റിലെ ജീവനക്കാരുടെ പേര് വിവരം ലോകസഭ ഇലക്ഷൻ 2024 ന്റെ ഭാഗമായി ഇലക്ഷൻ കമ്മീഷൻ രൂപീകരിച്ച വെബ് പോർട്ടലിൽ പേര് വിവരം അപ് ലോഡ് ചെയ്യുന്നതിനുള്ള മേൽ നോട്ടം വഹിക്കുന്നതിനും, ആയത് നിരീക്ഷിച്ച് കൃത്യത ഉറപ്പു വരുത്തുന്നതിനും, അനുബന്ധ പ്രവർത്തനങ്ങൾക്കുമുള്ള നോഡൽ ഓഫീസറായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ജിഷ റ്റി ജോഷ്വയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉടൻ പ്രാബല്യത്തിൽ ജീവനക്കാരുടെ വിവരം വെബ് പോർട്ടലിലെ ORDER application-ൽ അപ് ലോഡ് ചെയ്യുന്നതിനുള്ള മേൽ നടപടി സ്വീകരിക്കേണ്ടതാണ്.

**H DINESHAN**

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

1.ചീഫ് ഇലക്ടറൽ ഓഫീസർ, ഇലക്ഷൻ (ജനറൽ) വകുപ്പ്, തിരുവനന്തപുരം.

2.ശ്രീമതി.ജിഷ റ്റി ജോഷ്വ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്.

<u>പകർപ്പ് :</u>

1. ഡയറക്ടറേറ്റിലെ എല്ലാ ജീവനക്കാർക്കും.
2. ഡയറക്ടറുടെ സി.എ.
3. സ്റ്റോക്ക് ഫയൽ/സ്പെയർ.

Signed by H Dineshan
Date: 21-03-2024 15:17:05